# അയൽക്കാരനിലേക്കു പടരുന്ന ദൈവസ്നേഹം

യഹൂദമതത്തിലെ പണ്ഡിതഗണത്തിൽപ്പെടുന്നവരായിരുന്നു നിയമജ്ഞർ. ദൈവം മോശവഴി ഇസ്രായേൽജനത്തിനു നല്കിയ 'നിയമ'ത്തിൽ അവഗാഹം സിദ്ധിച്ചവരായിരുന്നവർ. പ്രിന്റിംഗ് നിലവിൽ വന്നിട്ടില്ലാതിരുന്ന കാലത്ത്, മറ്റേതൊരു രേഖയുംപോലെ, തിരുലിഖിത(നിയമഗ്രന്ഥ)വും കയ്യെഴുത്തു പ്രതികളിലൂടെയാണു കൈമാറ്റം ചെയ്യപ്പെട്ടിരുന്നത്. പ്രത്യേക പരിശീലനം ലഭിച്ചിരുന്ന പണ്ഡിതരാണ് ഇപ്രകാരം 'നിയമം' അഥവാ 'തോറാ' പകർത്തിയെഴുതുന്നത്. ഈ പകർത്തിയെഴുത്ത് നിയമത്തിലുള്ള അവരുടെ പരിജ്ഞാനം വർദ്ധിപ്പിച്ചിരുന്നതുകൊണ്ട് അവരെ 'നിയമജ്ഞർ' എന്നു വിളിച്ചുപോന്നു. ഇപ്രകാരമുള്ള നിയമജ്ഞരിലൊരുവൻ ഈശോയെ പരീക്ഷിക്കാനായി ഒരു ചോദ്യവുമായി എത്തുന്നതാണ് ഇന്നത്തെ സുവിശേഷഭാഗത്തിന്റെ സന്ദർഭം (ലൂക്കാ 10,25-37).

ശരിയായ ഉത്തരം ലഭിക്കുക എന്നതിനേക്കാളുപരി, ഈശോയെ പരീക്ഷിക്കുക എന്നതായിരുന്നു അയാളുടെ ചോദ്യത്തിന്റെ ലക്ഷ്യം. തോറായുമായി ബന്ധപ്പെട്ട് അവർക്കുണ്ടായിരുന്ന അറിവോ പരിശീലനമോ ലഭിച്ചിട്ടില്ലാത്ത ഈശോയേക്കാൾ താൻ ശ്രേഷ്ഠനാണ് എന്നു ജനമദ്ധ്യേ കാണിക്കുവാനായിരുന്നു അയാളുടെ ശ്രമം. ''ഗുരോ, നിത്യജീവൻ അവകാശമാക്കാൻ ഞാൻ എന്തു ചെയ്യണം?'' എന്ന അയാളുടെ ചോദ്യം വളരെ പ്രസക്തമായിരുന്നു. കാരണം, നിത്യജീവനിൽ പ്രവേശിക്കുന്നതിനുള്ള മാർഗം ആരായുന്നതിനേക്കാൾ ശ്രേഷ്ഠമായ ഏതു കാര്യമാണുള്ളത്. ഈ ലോകത്തിൽ ദൈവം മനുഷ്യർക്കു നല്കുന്ന നന്മകളൊക്കെയും പരലോകത്തിൽ ലഭിക്കാനിരിക്കുന്ന ആത്യന്തിക നന്മയുടെ മുന്നോടിയാണ്. ദൈവം ഇസ്രായേലിനു വാഗ്ദാനം ചെയ്യുകയും പിന്നീടു നല്കകുകയും ചെയ്ത കാനാൻദേശം തന്നെ മുഖ്യോദാഹരണം. വാഗ്ദത്തഭൂമിയിൽ ദൈവജനത്തിനു ലഭിച്ച വിശ്രമം സ്വർഗത്തിൽ ലഭിക്കാനിരിക്കുന്ന ദൈവത്തോടൊത്തുള്ള നിത്യജീവന്റെ മുന്നോടിയായിരുന്നു.

മോശയുടെ നിയമം സൂക്ഷ്മമായി പഠിച്ചിരുന്ന അയാളുടെ ഗൂഢലക്ഷ്യം മനസ്സിലാക്കിയ ഈശോ അയാളെക്കൊണ്ടുതന്നെ നിയമത്തിൽനിന്നു മറുപടി പറയിക്കുന്നു. യഹൂദരുടെ എല്ലാ പ്രാർത്ഥനകളിലെയും അവശ്യ ഘടകമായ 'ഷെമാ ഇസ്രായേൽ' (നിയമാ 6,4-9) എന്നറിയിപ്പടുന്ന വിശുദ്ധഗ്രന്ഥഭാഗത്തിൽനിന്ന് ഉദ്ധരിച്ചുകൊണ്ടാണ് അയാൾ ഉത്തരം നല്കിയത്. അയാൾ മറുപടിയായി പറഞ്ഞു: ''നിന്റെ ദൈവമായ കർത്താവിനെ പൂർണ ഹദയത്തോടും പൂർണാത്മാവോടും പൂർണശക്തിയോടും പൂർണമനസ്സോടുംകൂടെ സ്നേഹിക്കുക. നിന്റെ അയൽക്കാരനെ നിന്നെപ്പോലെയും സ്നേഹിക്കുക'' (ലൂക്കാ 10,27). സ്രഷ്ടാവും പരിപാലകനുമായ ദൈവത്തെ അവിഭജിത ഹൃദയത്തോടെ സ്നേഹിക്കുക എന്നത് മനുഷ്യന്റെ പരമപ്രധാനമായ ഉത്തരവാദിത്വമാണ് എന്നതു വിശുദ്ധഗ്രന്ഥം മുഴുവനിലെയും പാഠമാണ്. പൂർണത തന്നെയായ ദൈവം മനുഷ്യനിൽനിന്ന് സമ്പൂർണസ്നേഹമാണു പ്രതീക്ഷിക്കുന്നത്. അസ്തിത്വത്തിന്റെ സർവ തലങ്ങളെയും സ്പർശിക്കുന്നതാകണം ദൈവത്തോടുള്ള നമ്മുടെ സ്നേഹം.

നിയമാ 19,18 ലെ വാചകം കൂടി ചേർത്താണ് നിയമജ്ഞൻ ഉത്തരം പൂർത്തിയാക്കിയത്: ''നിന്റെ അയൽക്കാരനെ നിന്നെപ്പോലെയും സ്നേഹിക്കുക.'' യഥാർത്ഥത്തിൽ പുതിയനിയമത്തിലെ പുതുമായാണിത്. ഈശോയാണ് ദൈവസ്നേഹത്തിന്റെ മറുപുറമായി പരസ്നേഹത്തെ അവതരിപ്പിച്ചത്. ദൈവസ്നേഹത്തിന്റെ പ്രായോഗികമാനമാണ് പരസ്നേഹം. ദൈവത്തോടുള്ള സ്നേഹത്തിന്റെ മാറ്ററുരച്ചറിയാനുള്ള അവസരവും.

ഈശോയുടെ മറുപടി ഇപ്രകാരമായിരുന്നു: ''നീ പറഞ്ഞതു ശരി. നീ ഇതു ചെയ്യുക. എന്നാൽ നീ ജീവിക്കും'' (ലൂക്കാ 10,28). നിത്യജീവൻ അവകാശമാക്കാൻ, അഥവാ നിത്യം ജീവിക്കാൻ, മനുഷ്യൻ ദൈവത്തെ അവിഭക്ത ഹൃദയത്തോടെ സ്നേഹിക്കണം; അയൽക്കാരെ തന്നെപ്പോലെ തന്നെയും സ്നേഹിക്കണം. ഈശോയുടെ പ്രബോധനം മുഴുവന്റെയും സാരസംഗ്രഹം ഇതിലുണ്ട്. സഭാപിതാവായ മാർ അപ്രേമിന്റെ അഭിപ്രായത്തിൽ, പ്രമാണങ്ങളെല്ലാം ഈ രണ്ടു കല്പനകളാൽ, രണ്ടു ചിറകുകളാൽ എന്നപോലെ, ഉയർത്തപ്പെട്ടിരിക്കുന്നു. ദൈവത്തോടും മനുഷ്യരോടുമുള്ള സ്നേഹമാണ് ഈ രണ്ടു ചിറകുകൾ.

ഈശോയെ സമീപിച്ച നിയമജ്ഞന്റെ ലക്ഷ്യം സത്യം അറിയുക എന്നതിലുപരി, സ്വയം കേമനായി ചമയുക എന്നതായിരുന്നു എന്നു വ്യക്തമാക്കുന്നതാണ് തുടർന്നുള്ള അയാളുടെ ചോദ്യം. അയാൾ തന്നെത്തന്നെ ന്യായീകരിക്കാൻ ആഗ്രഹിച്ച് ഈശോയോടു ചോദിച്ചു: ആരാണ് എന്റെ അയല്ക്കാരൻ? നിത്യജീവൻ അവകാശമാക്കുവാൻ താൻ ആരെയാണ് സ്നേഹിക്കേണ്ടത് എന്നായിരുന്നു ചോദ്യത്തിന്റെ

അർത്ഥം. സമീപവാസിയെയാണല്ലോ 'അയല്ക്കാരൻ' എന്നു സാധാരണ വിളിക്കാറ്. എന്നാൽ, യഹൂദരെ സംബന്ധിച്ച് അയൽപക്കത്തു താമസിക്കുന്നവരായിരുന്നില്ല അവരുടെ അയൽക്കാർ. മറിച്ച്, യഹൂദവംശത്തിൽ പെട്ടവർ മാത്രമായിരുന്നു. അതായത്, ഒരു യഹൂദന് മറ്റു യഹൂദരെ മാത്രമേ സ്നേഹിക്കാൻ കടമയുണ്ടായിരുന്നുള്ളു. എന്നാൽ, അയൽക്കാരന് ഈശോ പുതിയ നിർവചനം നല്കുന്നതാണു സുവിശേഷത്തിൽ തുടർന്നു നമ്മൾ കാണുന്നത്.

''ആരാണ് എന്റെ അയൽക്കാരൻ?'' എന്നു ചോദിച്ച നിയമജ്ഞനോട്, 'ഒരുവന് ആരുടെയെല്ലാം അയൽക്കാരനാകാം' എന്നു വ്യക്തമാക്കുന്നതാണ് ഈശോ അരുളിച്ചെയ്ത നല്ല സമരിയാക്കാരന്റെ ഉപമ. നമുക്കെല്ലാവർക്കും ഒരേയൊരു പിതാവു മാത്രമുള്ളതുകൊണ്ട് നമ്മൾ എല്ലാവരും സഹോദരരും അയൽക്കാരുമാണ്; പരസ്പരം സ്നേഹിക്കാൻ കടപ്പെട്ടവരും. ഒരിജൻ ഈ ഉപമ വ്യാഖ്യാനിച്ചുകൊണ്ട് ഇപ്രകാരം എഴുതുന്നു: ''പ്രമാണങ്ങൾ പാലിക്കാൻ ആഗ്രഹിക്കുകയും ആവശ്യത്തിലിരിക്കുന്നവർക്കെല്ലാം അയൽക്കാരനാകാൻ തയ്യാറുള്ളവനു മാത്രമേ ജറിക്കോയിലേക്കു പോയ മനുഷ്യന്, അയൽക്കാരനാകാൻ കഴിയുകയുള്ളു. ഉപമയുടെ അവസാനം ഇക്കാര്യം വ്യക്തമാകുന്നുണ്ട്. കവർച്ചക്കാരുടെ കൈയിൽ അകപ്പെട്ട ഈ മനുഷ്യന് ആരാണ് അയൽക്കാരനായി ഭവിച്ചത്? പുരോഹിതനോ ലേവായനോ അവന് അയൽക്കാരനാകാൻ കഴിഞ്ഞില്ല. എന്നാൽ, ആ നിയമജ്ഞൻ പറഞ്ഞതുപോലെ, അവനോട് കരുണ കാണിച്ചവൻ അയൽക്കാരനായിത്തീർന്നു.''

വിശുദ്ധ അംബ്രോസ് ഈ ഉപമയുടെ പ്രതീകാത്മകമായ അർത്ഥം വ്യക്തമാക്കുന്നുണ്ട്. ജറീക്കോ ഈ ലോകത്തിന്റെ പ്രതീകമാണ്. ആദം സ്വർഗീയ ജറൂസലേമിൽനിന്നു പുറത്താക്കപ്പെട്ടപ്പോൾ ലോകത്തിലേക്കിറങ്ങി. തന്റെ അതിക്രമങ്ങളാൽ, ജീവിക്കുന്നവരുടെ സ്ഥലത്തുനിന്നു മൃതരുടെ ഇടയിലേക്കിറങ്ങി... ലൗകിക പാപങ്ങളിലേക്കു തിരിഞ്ഞപ്പോൾ അവൻ കള്ളന്മാരുടെ കൈയിൽ അകപ്പെട്ടു. സ്വർഗീയ പ്രമാണങ്ങളിൽനിന്നു വ്യതിചലിക്കാതിരുന്നെങ്കിൽ അവൻ വീഴുകയോ മുറിവേല്പ്പക്കപ്പെടുകയോ ഇല്ലായിരുന്നു. അന്ധകാരത്തിന്റെയും നിശയുടെയും ദൂതന്മാരല്ലാതെ മറ്റാരാണ് ഈ കവർച്ചക്കാർ?... അവർ ആദ്യംതന്നെ, നമ്മൾ സ്വീകരിച്ച പ്രസാദവരത്തിന്റെ വസ്ത്രങ്ങൾ കവർന്നെടുക്കുന്നു. തുടർന്നു മുറിവേല്പ്പിക്കുന്നു... വഴിമദ്ധ്യേ ആ സമരായക്കാരൻ ശുശ്രൂഷിച്ചില്ലായിരുന്നുവെങ്കിൽ മനുഷ്യവംശം വീണുപോകത്തക്കവിധം അത്ര മാരകമായ മുറിവാണ് അവനേറ്റത് (അംബ്രോസ്). സമരിയാക്കാരൻ എന്ന പദത്തിന് 'സംരക്ഷകൻ' എന്നുള്ള അർത്ഥത്തിന്റെ അടിസ്ഥാനത്തിൽ മനുഷ്യനായവതരിച്ച ഈശോമിശിഹായാണ് യഥാർത്ഥ സമരായക്കാരൻ എന്ന് അംബ്രോസ് അഭിപ്രായപ്പെടുന്നു. രക്തസ്രാവക്കാരിയുടെ കാര്യത്തിലെന്നപോലെ, മുമ്പേ പോയവരാർക്കും സുഖപ്പെടുത്താൻ കഴിയാഞ്ഞവിധം അർദ്ധപ്രാണനായവനെ കണ്ടപ്പോൾ അവിടുന്ന് അടുത്തെത്തി. കരുണ തോന്നിയ അവിടുന്നു നമ്മുടെ വംശത്തിന്റെ വികാരങ്ങൾ സ്വീകരിച്ചപ്പോൾ അയൽക്കാരനായി ഭവിച്ചു.

ഒരിജന്റെ അഭിപ്രായത്തിൽ, താഴേക്കു പോയ യാത്രികൻ ആദമാണ്. ജറുസലേം പറുദീസായാണ്. ജറീക്കോ ലോകവും. ശത്രുവിന്റെ ശക്തികളാണ് കച്ചവടക്കാർ. പുരോഹിതൻ പഴയനിയമമാണ്; ലേവായൻ പ്രവാചകരാണ്. സമരായൻ ഈശോയും. മുറിവുകൾ അനുസരണമില്ലായ്മയുടേതാണ്. സവാരിമൃഗം കർത്താവിന്റെ ശരീരമാണ്. പ്രവേശിക്കാനാഗ്രഹിക്കുന്ന എല്ലാവരെയും സ്വീകരിക്കുന്ന സത്രം തിരുസഭയാണ്. സത്രം സൂക്ഷിപ്പുകാരൻ സഭയെ സംരക്ഷിക്കേണ്ട തലവനാണ്. രണ്ടു നാണയങ്ങൾ പഴയനിമയവും പുതിയ നിയമവുമാണ് (മെർവിലെ ഈശോദാദ്). താൻ മടങ്ങിവരുമെന്നു സമരായൻ വാഗ്ദാനം ചെയ്യുന്നത് രക്ഷകന്റെ രണ്ടാം വരവിനെ സൂചിപ്പിക്കുന്നു. കവർച്ചക്കാരുടെ ഇടയിൽപ്പെട്ട മനുഷ്യനോടു കരുണ തോന്നിയ സമരായൻ ഒരു യഥാർത്ഥ സംരക്ഷകൻ തന്നെയാണ്. നിയമത്തെയും പ്രവാചകരെയുംകാൾ അടുത്ത അയൽക്കാരനുമാണ്. വാക്കുകളേക്കാളുപരി പ്രവൃത്തികളിലൂടെയാണ് താൻ അയൽക്കാരനാണെന്ന് സമരായൻ കാണിച്ചത്.

വിശുദ്ധ ആഗസ്തീനോസ് നല്കുന്ന ഭാഷ്യം ഇപ്രകാരമാണ്: കവർച്ചക്കാർ നിന്നെ വഴിയിൽ അർദ്ധപ്രാണനാക്കിയിട്ട് പോയ്ക്കളഞ്ഞു. എന്നാൽ, ആ വഴി വന്ന ദയാർദ്രനായ സമരിയാക്കാരൻ നിന്നെ കണ്ടെത്തി. വീഞ്ഞും എണ്ണയും നിന്റെമേൽ ചൊരിയപ്പെട്ടു. ഏകജാതന്റെ കൂദാശ നീ സ്വീകരിച്ചിരിക്കുന്നു. അവിടുത്തെ കഴുതപ്പുറത്തു നീ ഉയർത്തപ്പെട്ടിരിക്കുന്നു. മിശിഹാ ശരീരം സ്വീകരിച്ചുവെന്നു നീ വിശ്വസിക്കുന്നു. നീ സത്രത്തിലേക്ക് ആനയിക്കപ്പെടുന്നു. സഭയിൽ നീ സുഖം പ്രാപിക്കുന്നു.

ഒരിജൻ തുടർന്ന് നമ്മെയും ആഹ്വാനം ചെയ്യുന്നു: കവർച്ചക്കാരുടെ കൈയിൽ അകപ്പെട്ട മനുഷ്യനോടു കരുണ കാണിച്ച മിശിഹായെ അനുകരിക്കാൻ നമുക്കു കഴിയും. നമുക്ക് അവരുടെ പക്കലേക്കു പോകാം. മുറിവുകൾ വച്ചുകെട്ടാം. എണ്ണയും വീഞ്ഞുമൊഴിക്കാം. നിയമജ്ഞനോടെന്നതിനേക്കാൾ നമ്മോടു തന്നെയാണ് അവിടുന്നു സംസാരിക്കുന്നത്: ''പോയി അതുപോലെ ചെയ്യുവിൻ.'' നമ്മൾ അതുപോലെ ചെയ്യുന്നെങ്കിൽ ഈശോമിശിഹായിൽ നമ്മൾ ജീവൻ പ്രാപിക്കും. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**ഫാ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ**